(സി, ഡി) പ്രസ്തുത കാൻറീനിൽ മഴവെള്ളം ചോർന്നിറങ്ങി കണ്ട ഉടനേതന്നെ കേടുപാടുകൾ പരിഹരിക്കപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : കൊല്ലത്തെ കാൻറീൻ കെട്ടിടത്തിനു വാടക 95 രൂപയായിരുന്നതു് ഇപ്പോൾ 130 ഉറുപ്പിക ആക്കിയിട്ടുണ്ടു്. അതിൻറെ ഫലമായി ഇനി കച്ചവടം തുടങ്ങുമ്പോൾ പലഹാരങ്ങളുടെ സൈസു് കുറയുകയും, വില കൂടുകയും ചെയ്യുമെന്നറിയാമോ? അതിനകം ഒരു തൊഴുത്തു പോലെയാണെന്നാണു് യാത്രക്കാർ പറയുന്നതു്. ആലപ്പുഴ കാൻറീൻ നന്നാക്കിയെന്നു് മന്ത്രി പറഞ്ഞു: എന്നാൽ ഇപ്പോഴും അവിടെ ചോർച്ചയുണ്ടു്. യാത്രക്കാർ റോഡിൽ ഇറങ്ങിനിന്നാണു് ചായ കുടിക്കുന്നതു്. കാൻറീൻ നടത്തുന്നതു് യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടിയാണു്. ഇപ്പോൾ അവിടെ ഭക്ഷണം കിട്ടാനും വെള്ളം കിട്ടാനും ബുദ്ധിമുട്ടാണെന്നറിയാമോ? അതു കൊണ്ടു് ഇക്കാര്യത്തിൽ മുമ്പത്തെക്കാളും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. ടി. അച്യുതൻ : മുമ്പത്തെക്കാളും കൂടുതൽ ശ്രദ്ധ പതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. ആലപ്പുഴയെ സംബന്ധിച്ചിടത്തോളം എസ്റ്റിമേറും മറ്റുമൊക്കെ ചെയ്തുകഴിഞ്ഞിട്ടുണ്ടു്. സൈസിനേയും വിലയേയും സംബന്ധിച്ചു് വ്യവസ്ഥയുണ്ടു്. അതിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുകയില്ല. ചില കൻറീനുകളിൽ വ്യത്യാസം വന്നേക്കാം. കൊല്ലത്തെ സംബന്ധിച്ചാണെങ്കിൽ ഈ കൻറീൻ കൂടാതെ വേറെ ഹോട്ടലുകളും മറ്റുമുണ്ടു്. അതുകൊണ്ടാണു് അവിടെ നഷ്ടം വന്നതു്. അതു നടത്തിക്കൊണ്ടിരുന്ന ആളിനെ പിന്നെ കണ്ടിട്ടുമില്ല. അതുകൊണ്ടു് വേറെ ആളിനെ കൊടുത്തു് നഷ്ടം വരാതിരിക്കാൻ വേണ്ടിയുള്ള വ്യവസ്ഥചെയ്യാൻ പോകുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ : ഇപ്പോൾ ആലപ്പുഴയിലേയും കൊല്ലത്തേയും കാൻറീനുകളും വളരെ മോശമായ നിലയിലാണു് നടന്നുവരുന്നതു്. അതിൻറെ സ്ഥലംതന്നെ ശുചീകരണത്തിനു പറ്റിയ രീതിയിലുള്ളതല്ല. വളരെ മോശമായ ഫർണിച്ചറുകളും മറ്റു സാധനങ്ങളുമാണു് അവിടെയുള്ളതു്. ഈ കാര്യത്തിൽ ലാഭത്തെക്കാളും കൂടുതൽ സൗകര്യമാണു് ആവശ്യം എന്നുള്ളതിനെ പരിഗണിച്ചു് ഈ കാൻറീനുകളും ആവശ്യമായ മേജർ റിപ്പയർ ചെയ്യാനെങ്കിലും നടപടി എടുക്കുമോ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിലേക്കുവേണ്ടിയുള്ള എസ്റ്റിമേറു് തയ്യാറാക്കിയിട്ടുണ്ടു്. വളരെ മോശമാണെന്നു പറയുന്നതു ശരിയല്ല. കുറച്ചു മോശമായിരിക്കാം. ഇതിനുവേണ്ട സൗകര്യങ്ങളും ചെയ്യാൻ ശ്രമിക്കുന്നതാണു്.

Artificial Insemination Centre

* 896. [39] **Shri Kurur Nilakantan Nambudiripad** : Will the Minister for Food and Agriculture be pleased to state :

(a) are the Government aware that the Artificial Insemination Centre at Pazhayannoor which had been established and run under the auspices of the Pazhayannur Block, is in a neglected condition after its transfer on 1-10-1962 to the Government Veterinary Hospital at Pazhayannoor ;

(b) is it a fact that necessary provision has not yet been provided for the proper feeding of the two first class Stud-bulls of Kamkayam fame after their taking over by Government department and that they are not properly fed ;

LIBRARY ARCHIVES Kerala Legislative Assembly

(c) are the Government also aware that the Bull-attender has not received his salary for the last thirteen months in spite of several representations by the members of the local Block Advisory Committee and others ; and

(d) will the Government take urgent steps to see that these Stud-bulls are not subjected to starvation but fed well and that the Bull-attender is paid his salary regularly and the arrears due urgently ?

Minister for Food and Agriculture (**Shri E. P. Poulose**):

(a) No.

(b) Necessary amounts were placed at the disposal of the D. V. O., Trichur for the proper feeding of the bulls transferred from the Block.

(c) There has been some delay in disbursing the pay of the Bull Attender due to the transfer of this institution to the Department of Animal Husbandry.

(d) As regards the bull, no action is called for in the light of the answer to para (b) above.

As regards the pay of the Bull Attender steps are being taken for the disbursement of his pay and allowances for the period he has actually worked.

ശ്രീ. കുറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ കഴിഞ്ഞതിനുശേഷം അവിടെയുള്ള സ്റ്റാഫിനെ എന്താണ് ചെയ്യുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഇതുവരെ വ്യക്തമായ നടപടിയൊന്നും എടുത്തതായി കാണുന്നില്ല. ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ കഴിഞ്ഞതിനുശേഷം അതാതു സമയത്തു് ചെയ്യേണ്ട കാര്യങ്ങളും മുൻകൂട്ടി ആലോചിച്ചു പ്രവർത്തിക്കാൻ ഏർപ്പാടുചെയ്താൽ നന്നായിരിക്കും. അതുകൊണ്ട് മേലിലെങ്കിലും ഇത്തരത്തിലുള്ള നടപടി എടുക്കാൻ മയവുണ്ടാകുമോ ?

ശ്രീ. ഇ. പി. പൗലോസ് : പലപ്പോഴും അവിടെ വക്കു പൊയ്തിരുന്ന സ്റ്റാഫിനു് കണ്ടിന്യു ചെയ്യാനുള്ള ബുദ്ധിമുട്ടുകൊണ്ട് വരുന്ന തകരാറാണ് ഇതു് ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ കൊണ്ടുവരുമ്പോഴും അവിടെയുള്ള സ്റ്റാഫിനെക്കൊണ്ട് മാനേജുചെയ്യാമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. അതാതു ബ്ലാക്കുകളിൽ കുറെ സ്റ്റാഫ് ഒക്കെയുണ്ട്. അതു മുഴുവൻ ആനിമൽ ഹസ്ബൻഡറി ഡിപ്പാർട്ടുമെന്റിലേക്കു വന്നാൽ സ്ഥിരമായ റവന്യു ചാർജായിട്ട് പിന്നീടു് ട്രാൻസിഷൻ സ്റ്റേജിൽ വരാൻ വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് കുറെ സ്റ്റാഫിനെ അങ്ങോട്ടു മാറുമ്പോൾ സ്വൽപ്പം ബുദ്ധിമുട്ടു വരുന്നുണ്ട്.

ശ്രീ. ജോജ്ജ് ജോസഫ് പെരുമ്പിള്ളിച്ചിറ : ഇന്നു നാട്ടിൻപുറങ്ങളിലുള്ള വിത്തുകാളകളും ബ്ലോക്കുകളിലുള്ള വിത്തുകാളകളേക്കാളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നവയാണ്. അതുകൊണ്ട് നാട്ടിൻപുറങ്ങളിൽ വിത്തുകാളകളെ വളർത്തുന്നവരെ ഗ്രാന്റുകൊടുത്തു പ്രോത്സാഹിപ്പിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : നാട്ടിൻപുറത്തുള്ള വിത്തുകാളകളും പലതും ഒരുതരം വർഗ്ഗശുദ്ധിയുള്ളവയല്ല. അതുകൊണ്ട് നല്ലതല്ലാത്തവയെ നശിപ്പിക്കുക ഡിപ്പാർട്ടുമെന്റിന്റെ നടപടിയാണ്. കഴിവുള്ളിടത്തോളം നശിപ്പിച്ച് നല്ല കാളകളെ തെരഞ്ഞെടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഒന്നരണ്ട പ്രസവം കഴിഞ്ഞാൽ പശുക്കൾക്ക് വീണ്ടും ഗർഭമാകാതിരിക്കുകയും അഥവാ ഉണ്ടായാൽത്തന്നെ പ്രസവത്തിന് വളരെയധികം അപകടം ഉണ്ടാകുകയും സാധാരണയായിട്ട് ഉണ്ടാകാറുണ്ട്. ഈ കാര്യങ്ങൾ ഗവണ്മെൻറ് അന്വേഷിച്ച് പരിഹാരം കാണുമോ ?

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെയുള്ള ഇൻസ്റ്റൻസസ് കാണിച്ചു തരുകയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീമതി കുസുമം : പല കേന്ദ്രങ്ങളിലും ഗവണ്മെൻറ് ചെലവിൽ വിത്തുകാളകളെ സംരക്ഷിക്കുന്നതുകൊണ്ട് വലിയ നഷ്ടമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഡിസ്ട്രിക്റ്റ് ഹെഡ്കാർട്ടേഴ്സുകളിൽ നല്ലയിനം വിത്തുകാളകളെ നിറുത്തി വേണ്ടവിധം സംരക്ഷിക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഡിസ്ട്രിക്റ്റ് ഹെഡ്കാർട്ടേഴ്സ് ഒരെണ്ണം മാത്രമുള്ളതുകൊണ്ട് ഡിസ്ട്രിക്റ്റിലെ ആവശ്യം മുഴുവൻ നടത്താൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇതിൽ രണ്ടിലുംകൂടി ആയാൽപോലും മതിയാകുമെന്നു തോന്നുന്നില്ല.

ശ്രീ. പി. ഗോപാലൻ : നാട്ടിൻപുറങ്ങളിൽ വർഗ്ഗശ്രദ്ധിയുള്ള നല്ല വിത്തുകാളകളുണ്ട്. പട്ടണങ്ങളിലുള്ളതിനെക്കാൾ നല്ല വിത്തുകാളകൾ നാട്ടിൻപുറങ്ങളിലാണെന്നുള്ളതിനെ മുൻനിറുത്തി ഇത്തരം നല്ലതിനെ എടുക്കാനെങ്കിലും ഗവണ്മെൻറ് ശ്രദ്ധിക്കുമോ ? ബഹുമാനപ്പെട്ട മന്ത്രി നാട്ടിൻപുറങ്ങളിലുള്ള വിത്തുകാളകളൊക്കെ വർഗ്ഗശ്രദ്ധിയില്ലാത്തതാണെന്നു പറയുന്ന അഭിപ്രായം മാറ്റാൻ ദയവുണ്ടാകുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഞാൻ എന്റെ അഭിപ്രായം മാറ്റിയതുകൊണ്ടുമാത്രം പ്രയോജനമില്ല. നാട്ടിൻപുറത്തുള്ള വിത്തുകാളകൾ നല്ല കാളിറച്ചി ഉള്ളവയല്ല. അതുകൊണ്ട് വളരെ സൂക്ഷിച്ചുവേണം അവയെ നിറുത്തേണ്ടതു്.

PAPERS LAID ON THE TABLE *

Minister for Public Health (**Shri M. P. Govindan Nair**) : Sir I lay on the table a copy of the 19th Annual Report of the Fertiliser and Chemicals (Travancore) Limited, Alwaye for the period from 1-1-1962 to 31-3-1963, together with a copy of the Review on the working of the Company for the said period as required under Section 619-A of the Companies Act, 1956.

Minister for Transport and Labour (**Shri K. T. Achuthan**) : Sir, I lay on the table a copy each of the following Notifications issued by the Government under clause (1) of sub-section (2) of Section 68 and Clause (m) of sub section (2) of Section 70 of the Motor Vehicles Act, 1939 (Central Act IV of 1939) containing amendments to the Kerala Motor Vehicles Rules, 1961:-

(i) Notification G. O. (MS) No. 436/PW., dated 14th October 1963.

(ii) Notification G. O. (MS) No. 446/PW., dated 19th October 1963.

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly